(ബി) ശബരിമലയിൽ ശബരിപീഠത്തിന് സമീപം തിരുവിതാകൂർ ദേവസ്വം ബോർഡിൽ നിന്നും വെടിവഴിപാട് നടത്തുവാൻ കരാർ എടുത്തിട്ടുള്ള കരാറുകാരൻ കതിനയുടെ പ്ലഗ് ആയി ഉപയോഗിക്കുന്നതിന് കാട്ടിൽനിന്നും വെട്ടിശേഖരിച്ച് വച്ചിരുന്നതായ കൈവിരൽ നീളവും വണ്ണവുമുള്ള മടുക്ക (Xanthophyllum arnottianum) ഇനത്തിൽപ്പെട്ട കഷ്ടികൾ കണ്ടെത്തുകയും ടി കുറ്റകൃത്യത്തിന് 1-12-2014 തീയതിയിൽ സന്നിധാനം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ മഹസർ തയ്യാറാക്കി ടി കരാറുകാരന്റെയും സഹായിയുടെയും പേരിൽ, കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 27 (1)ഇ 3, വനസംരക്ഷണ നിയമത്തിലെ സെക്ഷൻ 27 (2) എന്നിവ പ്രകാരം ഒ.ആർ.-02/2014 നമ്പർ കേസ് സന്നിധാനം ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും ബഹു. റാന്നി JFMC-യിൽ ഫോം.1 റിപ്പോർട്ട് സമർപ്പിച്ച് തുടർ അന്വേഷണം നടത്തി വരുന്നതുമാണ്.

(സി&ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ വന്യമൃഗങ്ങളുടെ ശല്യം

297 (2172) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനവാസകേന്ദ്രങ്ങളിലും സ്കൂൾ പരിസരത്തും പകൽ സമയങ്ങളിൽ കാട്ടാനക്കൂട്ടം ഇറങ്ങി പരിഭ്രാന്തി സൃഷ്ടിക്കുന്ന വിഷയം ഗൗരവത്തിൽ എടുത്തിട്ടുണ്ടോ ;

(സി) ജനവാസ കേന്ദ്രത്തിൽ ആന ഇറങ്ങുമ്പോൾ പേരിന് മുരത്തൽ നടപടി സ്വീകരിക്കുന്നതല്ലാതെ ആയതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാണ്ടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അതിർത്തിയിലുള്ള അഡൂർ റിസർവ് വനത്തിൽ കാട്ടാനകൾ വരാറുണ്ട്. കാസർഗോഡ് ജില്ലയിലെ വന മേഖല ജനവാസ കേന്ദ്രങ്ങളിലും കയറിയും ഇറങ്ങിയും ചുറ്റപ്പെട്ടുമാണുള്ളത്. ആനകളുടെ വനത്തിനകത്തെ വഴികളും റോഡുകളുമാണ് നാട്ടുകാരും ഉപയോഗിക്കുന്നത്. കർണ്ണാടക വനങ്ങളിൽ നിന്നുമാണ് കാസർഗോഡ് ഡിവിഷനിൽ വനമേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങി വരുന്നത്. ഇങ്ങനെ വന്ന മൂന്ന് കൂട്ടം കാട്ടാനകളെ വയനാട്ടിൽ നിന്നും വന്ന എലിഫന്റ് ടാസ്ക് ഫോഴ്സിന്റെയും കണ്ണൂർ ദ്രുതകർമ്മ സേനയുടെയും സഹായത്തോടെ കർണ്ണാടക വനത്തിലേക്ക് തിരിച്ചയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനവാസ കേന്ദ്രത്തിൽ ആന ഇറങ്ങുന്നത് തടയുന്നതിന് കാസർഗോഡ് ഡിവിഷനിൽ 2013-14 വർഷത്തിൽ 18.19 ലക്ഷം രൂപ ചെലവിൽ 17 കി.മീ. സോളാർ ഫെൻസിംഗ് നിർമ്മിക്കുകയുണ്ടായി. ഈ വർഷം 36 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിനും 4 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണി നടത്തുന്നതിനും ഉള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരികയുമാണ്.

ഇക്കോടൂറിസം പദ്ധതി

298 (2173) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. .

സ്റ്റുഡന്റ്സ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാം

299 (2174) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡൻസ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സ്കൂളുകളിൽ പ്രസ്തുത പ്രോഗ്രാം ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly